# ഒരു ആത്മീയ നേതാവും ആട്ടിടയന്റെ ഹൃദയവും

MGM Ministries-Article Source: Suviseshanadam - October 1996, Vol. 10, No.10, Page 17 & November 1996 Vol.10, No. 11, Page 7-9

പാസ്റ്റർ വിനോദ് ജയിക്കബ്

ആത്മീയ നേതാവിന് ആട്ടിടയന്റെ ഹൃദയം തന്റെ ശുശ്രൂഷാരംഗങ്ങളിൽ ഉണ്ടായിരിക്കേണം. ദൈവസഭയിൽ വിവിധ തരത്തിലുള്ള ശുശ്രൂഷകൾ ഉണ്ട്. ഇതിൽ ഏതുതരം ശുശ്രൂഷ ആയിരുന്നാൽ തന്നെയും ഇടയ ശുശ്രൂഷ വില കുറഞ്ഞതോ തരംതാണതോ ആയ ഒരു ശുശ്രൂഷ അല്ല. ഒരുവന് യഥാർത്ഥ ക്രിസ്തീയ നേതാവ് ആകണമെങ്കിലോ, യേശുവിനെക്കുറിച്ച് അറിയണമെങ്കിലോ തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആട്ടിടയന്റെ ഹൃദയത്തെക്കുറിച്ച് അറിയേണം.

പഴയനിയമത്തിലും പുതിയനിയമത്തിലും ആത്മിക നേതാക്കന്മാർ വിവിധ പേരുകളിൽ അറിയപ്പെടുന്നു. അതായത് ബിഷോപ്പ്, പ്രസ്ബിറ്റർ, പുരോഹിതൻ, പ്രസംഗകൻ എന്നിവയാണ്. ഓരോ പേരിനും അതതിന്റേതായ ചരിത്രവും പ്രാധാന്യതയും ഉണ്ട് പക്ഷേ ആട്ടിടയൻ (Shepherd) എന്ന പേരിൽ പ്രത്യേകമായ പ്രാധാന്യം ഉണ്ട്.

സഭാചരിത്രം പഠിക്കുമ്പോൾ ആട്ടിടയൻ എന്ന പദം വളരെ ചുരുക്കമായി ഉപയോഗിച്ചിരിക്കുന്നു എന്ന് കാണുവാൻ കഴിയും. ഒരർത്ഥത്തിൽ ഇതിൽനിന്ന് മനസ്സിലാക്കുവാൻ കഴിയുന്നത് അ

## ബിഷോപ്പ് [Bishop]

ബിഷോപ്പ് എന്ന വാക്ക് ജാതികളുടെ ഇടയിൽനിന്നാണ് സഭയിലേക്കു കടന്നുവന്നത്. ഈ പേര് നാമനിർദ്ദേശംചെയ്യപ്പെട്ടത് ദൈവജനത്തിന്റെ മേൽ നോട്ടംവഹിക്കുക എന്ന ഉദ്ദേശത്തോടു കൂടിയാണ് അപ്പോസ്തോലിക കാലയളവിൽ എല്ലാ പ്രാദേശിക സഭകളിലും ബിഷോപ്പുമാർ ഉണ്ടായിരുന്നു എന്നാൽ ഈ പേരിൽ അധികാരം, കാര്യനിർവ്വഹണം (Administration) എന്ന ചുമതല വഹിക്കുന്നതിനാൽ പിൽക്കാലത്ത് മിക്ക നേതാക്കന്മാരും, സ്വേച്ഛാധിപത്യമായ ഒരു ഭരണരീതിയിൽ ചെന്ന് അവസാനിച്ചു.

## പ്രസ്ബിറ്റർ [Presbyter]

ഈ വാക്ക് സഭയിലേക്കു കടന്നുവന്നത് യഹൂദമതത്തിൽനിന്നാണ്. മോശെയുടെ ജീവിതസമയത്തേക്ക് തിരിഞ്ഞുനോക്കുമ്പോൾ, യഹൂദന്മാർക്ക് ഇത്തരത്തിലുള്ള ഒരു നേതാവ് ആയിരുന്നു ഉണ്ടായിരുന്നത്. ബിഷോപ്പ് എന്ന പേരും പ്രസ്ബിറ്റർ എന്ന പേരും പുതിയനിയമത്തിൽ പരസ്പരം മാറി മാറി ഉപയോഗിക്കുന്ന പദങ്ങളാണ്,

## പുരോഹിതൻ (Priest)

യഹൂദന്മാരുടെയും, ജാതികളുടെയും ഇടയിൽ പുരോഹിതൻ എന്ന വാക്കിന് വളരെ പഴക്കം ചെന്ന ചരിത്രം പറയുവാനുണ്ട്. യഹൂദമതത്തിൽ പുരോഹിതൻ ജനത്തിനുവേണ്ടി ദൈവത്തോടും, ദൈവത്തിനുവേണ്ടി ജനത്തോടും പ്രതിനിധാനം ചെയ്യുന്നു. പുതിയനിയമത്തിൽ യേശുവും തന്റെ ശിഷ്യന്മാരും വളരെ ചുരുക്കമായി മാത്രമേ പുരോഹിതൻ എന്ന പദം ഉപയോഗിച്ചിട്ടുള്ളൂ. പുതിയനിയമത്തിൽ പുരോഹിതൻ എന്ന വാക്കിന്റെ പരമപ്രധാനമായ അർത്ഥം പത്രോസ് അപ്പോസ്തലൻ തന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ എല്ലാ വിശ്വാസികളും പുരോഹിതൻ ആണെന്നുള്ളതാണ് (1 പത്രോസ് 2: 5, 9). പുരോഹിതശുശ്രൂഷയിൽ ദൈവത്തിനുവേണ്ടിയും ജനത്തിനുവേണ്ടിയും പുരോഹിതൻ പ്രതിനിധാനം ചെയ്യുന്നതിനാൽ ഇടയശുശ്രൂഷ പുരോഹിതശുശ്രൂഷയിൽ വേണ്ടവിധത്തിൽ വെളിപ്പെടുന്നില്ല. ആയതിനാൽ ഇന്നു പുരോഹിതശുശ്രൂഷ ക്രിസ്തീയ ഗോളത്തിൽ ദുരുപയോഗം ചെയ്യുന്നതായികാണാം.

## പ്രസംഗകൻ (Preacher)

ഈ വാക്കിൽ ഉന്നതമായ നിലവാരവും അർത്ഥവും ഉണ്ട്. ഇടയന്മാർ സമൂഹത്തിൽ പ്രസംഗിക്കുമെങ്കിലും ഇടയശുശ്രൂഷകരുടെ ശ്രേഷ്ഠത പ്രസംഗത്തിൽ മാത്രമല്ല അടങ്ങിയിരിക്കുന്നത്. പ്രസംഗം പ്രസംഗ പീഠത്തെയും പ്രസംഗത്തിന്റെ കലയെയും സംബന്ധിച്ചുള്ളതാണ്. എന്നാൽ യഥാർത്ഥ ഇടയശുശ്രൂഷ ഇതിൽ നിന്നും വിഭിന്നമായിരിക്കുന്നു.

## ശുശ്രൂഷകൻ (Minister)

ശുശ്രൂഷകൻ എന്ന പദം ആത്മിക നേതാക്കന്മാർക്കായി ഉപയോഗിക്കുന്നതായികാണാം (പ്രത്യേകിച്ച് പാസ്റ്റർമാർക്ക്) എന്നാൽ ഈ സ്ഥാനം ആത്മികമായി ദൈവത്താൽ നിയോഗിച്ചതോ, തൊഴിൽപരമായി മനുഷ്യരാൽ നിയമിച്ചതോ ആകാം. ഒരു മനുഷ്യൻ ദൈവജനത്തെ പരിപാലിക്കാൻ കഴിഞ്ഞാലും, കഴിഞ്ഞില്ലെങ്കിലും, ഈ വ്യക്തി ദൈവികമായ ശുശ്രൂഷയ്ക്കുവേണ്ടി വിളിച്ചിട്ടില്ലെങ്കിൽ പോലും ആ വ്യക്തിയെയും ശുശ്രൂഷകൻ എന്ന പേരിനാൽ ആ സ്ഥാനത്തേക്ക് നിയോഗിക്കുവാൻ സാധിക്കും. ശുശ്രൂഷകൻ എന്ന പേരിന് തൊഴിൽപരമായ ശുശ്രൂഷ എന്ന ആശയം കടന്നുവന്നിരിക്കുന്നതിനാൽ യഥാർത്ഥ ഇടയശുശ്രൂഷയിൽ നിന്ന് ഇതും വിഭിന്നമായിരിക്കുന്നു.

## ഇടയൻ (Shepherd)

അവസാനമായി ഈ മനോഹരമായ 'ഇടയൻ' എന്ന പദത്തെക്കുറിച്ച് ചിന്തിക്കാം. ചരിത്രം പരിശോധിച്ചാൽ ആകമാനമായി ഈ പദം വളരെ ചുരുക്കമായി ഉപയോഗിച്ചിരിക്കുന്നതായി കാണാം. കാരണം യഥാർത്ഥ ഇടയത്വ ശുശ്രൂഷ സഭകളിൽ ചുരുക്കമായിരിക്കുന്നു എന്നുള്ളതാണ് ഇത് കാണിക്കുന്നത്. അതായത് മൃദുലമായതും, ആത്മാർത്ഥമായതും, ഗാഢബന്ധമുള്ളതും, സ്നേഹിക്കുന്നതും ആടുകൾക്കുവേണ്ടി കരുതുന്നതുമായ ഇടയശുശ്രൂഷ ആണ് ഉദ്ദേശിക്കുന്നത്. ഈ യഥാർത്ഥ ശുശ്രൂഷക്കായി ദൈവം യഥാർത്ഥ ഇടയന്റെ ഹൃദയമുള്ള ശുശ്രൂഷകന്മാരെ അന്വേഷിക്കുന്നു.

ദൈവരാജ്യത്തിന്റെ ഉത്തരവാദിത്വം നിറവേററുവാൻ ആഗ്രഹമുള്ള ഓരോ വ്യക്തിക്കും ഒരു നല്ല നേതാവിന്റെ ഹൃദയത്തിന്റെ യോഗ്യതകൾ ഉണ്ടായിരിക്കേണം. ദൈവജനത്തെ പക്വതയിലേക്ക് നടത്തുവാൻ ആത്മിക നേതാവിന് ഒരു പിതാവിന്റെ ഹൃദയമുണ്ടായിരിക്കേണം. മാത്രമല്ല ദൈവീകശുശ്രൂഷയിൽ ഇടപെട്ടിരിക്കുന്ന ഓരോരുത്തർക്കും ഒരു യഥാർത്ഥ ഇടയന്റെ ഹൃദയവും ഉണ്ടായിരിക്കേണം. ഇടയശുശ്രൂഷ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുഴുസമയം ശുശ്രൂഷകനായിരിക്കുക എന്നുള്ളതല്ല.

പഴയനിയമം പഠിക്കുമ്പോൾ യിസ്രായേൽ ജനം കാലാകാലങ്ങളിലായി യഥാർത്ഥ ഇടയന്മാരുടെ അഭാവം അനുഭവിച്ചിരുന്നതായി കാണുന്നു. യിസ്രായേലിന്റെ ചരിത്രത്തിൽ സഭാനേതൃത്വം അപക്വമായപ്പോൾ, പരാജയപ്പെട്ടപ്പോൾ, ആടുകൾ ചിതറി, അവ മുറിവേററു, ക്ഷതം മേററു.

MGM Ministries-Article Source: Suviseshanadam - October 1996, Vol. 10, No.10, Page 17
& November 1996 Vol.10, No. 11, Page 7-9

സംഖ്യ. 27: 15 – 17 മോശെയുടെ നേതൃത്വം യിസ്രായേൽ മക്കളുടെ ഇടയിൽ അവസാനിക്കാറായപ്പോൾ മോശ ദൈവത്തോട് ചോദിക്കുന്നു. "യഹോവയുടെ സഭ ഇടയനില്ലാത്ത ആടുകളെപ്പോലെ ആകാതിരിപ്പാൻ തക്കവണ്ണം അവർക്കു മുമ്പായി .... .... .... .... ഒരാളെ നിയമിക്കുമാറാകട്ടെ എന്നു പറഞ്ഞു.

1 രാജാക്കന്മാർ 22: 17 മിഖായാവു പ്രവാചകൻ ആരാം രാജ്യത്തിന്റെ കൈയ്യിൽ യിസ്രായേൽ തോൽപ്പിക്കപ്പെടും എന്നു പ്രവചിച്ചപ്പോൾ "അതിനു അവൻ ഇടയനില്ലാത്ത ആടുകളെപ്പോലെ.... ഞാൻ കണ്ടു.

യെഹസ്കേൽ 34: 4 – 6 "അതുകൊണ്ടു അവർ ആടുകളെപ്പോലെ പുറപ്പെട്ടു ഇടയൻ ഇല്ലായ്കകൊണ്ടു വലഞ്ഞിരിക്കുന്നു.

## യഹോവ ആകുന്ന വലിയ ഇടയൻ

ഇടയന്മാർ എന്നവർ ആടുകളെ പരിപാലിക്കുന്നവരും, സൂക്ഷിക്കുകയും ചെയ്യുന്നവരാണ്. മാത്രമല്ല ഒരു വഴികാട്ടിയും, സുഹൃത്തും, സന്തത സഹചാരിയും ആണ്. എന്നതുപോലെ ആത്മിക ഇടയന്മാർ അക്ഷരീകഇടയന്മാരെപോലെതന്നെ ദൈവജനത്തെ സൂക്ഷിക്കുകയും, വഴികാട്ടുകയും, തീററിപോററുകയും ചെയ്യുന്നവർ ആണ്. നമ്മുടെ ദൈവത്തെ ഇടയനായി ചിത്രീകരിച്ചിരിക്കുന്നതു് തിരുവചനം പരിശോധിക്കുമ്പോൾ അനേകം പ്രാവിശ്യം നമുക്കു കാണുവാൻ സാധിക്കും. നമ്മുടെ ഇടയശുശ്രൂഷക്ക് ഉത്തമ മാതൃക ആയിരിക്കേണ്ടതു് ആത്മാക്കളുടെ വലിയ ഇടയനായ യഹോവയായ ദൈവം തന്നെയാണ്.

| | |
|---|---|
| സങ്കീർത്തനം 23: 1 | യഹോവ എന്റെ ഇടയൻ |
| ,, 80: 1 | യിസ്രായേലിന്റെ ഇടയനായുള്ളോവേ ചെവിക്കൊള്ളേണമേ |
| യെഹസ്കേൽ 84: 12 | മേ ആട്ടിൻകൂട്ടത്തെ അന്വേഷിക്കുന്നതുപോലെ ഞാൻ എന്റെ ആടുകളെ അന്വേഷിച്ചു |
| യെശയ്യാവ് 40: 11 | ഒരു ഇടയനെപ്പോലെ തന്റെ ആട്ടിൻകൂട്ടത്തെ മേയിക്കയും |
| സങ്കീർത്തനം 77: 20 | നീ നിന്റെ ജനത്തെ ആട്ടിൻകൂട്ടത്തെപോലെ നടത്തി. |

## വലിയ ഇടയന്റെ പ്രവർത്തികൾ

പഴയനിയമത്തിലെ ദൈവം യിസ്രായേൽ ജനത്തിന്റെ വലിയ ഇടയനായും അതിൽ ഉപരിയായും തിരുവചനം പരിശോധിക്കുമ്പോൾ നമുക്കു കാണുവാൻ കഴിയും. പഴയനിയമത്തിലെ വലിയ ഇടയനായ ദൈവത്തിന്റെ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

നഷ്ടപ്പെട്ടുപോയ ആടുകളെ അന്വേഷിക്കുന്നു, ആയതിനെ വീണ്ടും കൂട്ടിച്ചേർക്കുന്നു. വിശപ്പുള്ളതിനെ തീററുന്നു. തളർന്ന ആടുകൾക്ക് വിശ്രാമം കൊടുക്കുന്നു. മുറിവുള്ളതിന്റെ മുറിവ് കെട്ടുന്നു, ബലഹീനമായതിനെ ശക്തിപ്പെടുത്തുന്നു, പാതകളിൽ നടത്തുന്നു, കുഞ്ഞാടുകളെ മാറിൽ എടുക്കുകയും തള്ളകളെ പതുക്കെ നടത്തുകയും ചെയ്യുന്നു, വിറളിപിടിച്ചതിനെ ആശ്വസിപ്പിക്കുന്നു, എണ്ണ പൂശേണ്ടതിനെ എണ്ണ പൂശുന്നു എന്നിത്യാദിയാണ് പഴയനിയമത്തിലെ ഇടയന്റെ പ്രവർത്തികൾ യെഹസ്കേൽ 84: 11 – 16, യെശയ്യാവ് 40: 11, സങ്കീ. 28: 1 – 5.

## യേശു നല്ല ഇടയൻ ആകുന്നു

പുതിയനിയമത്തിൽ യേശുക്രിസ്തുവിനെ ആടുകളുടെ നല്ല ഇടയനായി ചിത്രീകരിച്ചിരിക്കുന്നു ദൈവത്തിന്റെ ആട്ടിടയ ഹൃദയത്തിന്റെ സ്വഭാവം യേശുക്രിസ്തുവിൽ മുഴുവനായി നമുക്കു ദർശിപ്പാൻ കഴിയും. പഴയനിയമത്തിൽ യഹോവയായ ദൈവം ആടുകളുടെ വലിയ ഇടയൻ ആകുമ്പോൾ പുതിയനിയമത്തിൽ യേശുക്രിസ്തു ആടുകളുടെ നല്ല ഇടയൻ ആകുന്നു. ഈ പറഞ്ഞവ താഴെ കൊടുക്കുന്ന പുതിയനിയമത്തിലെ വാക്യങ്ങളിൽ നിന്ന് മനസ്സിലാക്കുവാൻ കഴിയും. ആയതു് മിക്കതും യോഹന്നാന്റെ സുവിശേഷത്തിൽ നിന്നാണ്.

യോഹന്നാൻ 10: 11, 14 ഞാൻ നല്ല ഇടയൻ ആകുന്നു.

1 പത്രോസ് 2: 25 ആത്മാക്കളുടെ ഇടയവനും അദ്ധ്യക്ഷനും ആയവങ്കലേക്കു മടങ്ങി വന്നിരിക്കുന്നു.

പഴയനിമത്തിലെ ഇടയനാകുന്ന വലിയ ദൈവത്തിന്റെ മനോഭാവങ്ങളും പ്രവൃത്തികളും മുകളിൽ വെളിപ്പെടുത്തിയതുപോലെ യേശുക്രിസ്തു എന്ന നല്ലിടയന്റെ പ്രവൃത്തികളും ഒന്നു പരിശോധിക്കാം. ആയതിന്റെ മിക്ക ഉൾക്കാഴ്ചയും നമുക്ക് ലഭിക്കുന്നതു് യോഹന്നാന്റെ സുവിശേഷം 10-ാം അദ്ധ്യായത്തിൽ നിന്നാണ്. ആ ഇടയന്റെ പ്രവൃത്തികൾ ഇപ്രകാരമാണ് അവൻ ആടുകൾക്കുവേണ്ടി കരുതുന്നു, ആടുകളുമായി ഒരു ബന്ധം സ്ഥാപിക്കുന്നു, ആട്ടിൻ തൊഴുത്തിൽ വാതിലിലൂടെ കടക്കാതെ വേറെ വഴിയായി കടക്കുന്ന കള്ളനെയും കവർച്ച

MGM Ministries-Article Source: Suvisesha Nadam - October 1996, Vol. 10, No.10, Page 17
& November 1996 Vol.10, No. 11, Page 7-9

ക്കാരനെയും നിരാകരിക്കുന്നു, ആടുകൾക്ക് ആട്ടിൻ തൊഴുത്ത് നല്കുന്നു, ആടുകളെ നയിക്കുന്നു, ആട്ടിൻ തൊഴുത്തിൽ വാതിലിലൂടെ തന്നെ പ്രവേശിക്കുന്നു, ആടുകൾക്ക് തന്റെ ശബ്ദം പരിചിതമാക്കി കൊടുക്കുന്നു, ആടുകളെ പേർ ചൊല്ലി വിളിക്കുന്നു, പച്ച പുൽപുറത്തേക്ക് നയിക്കുന്നു, അവക്കു മുമ്പായി നടക്കുന്നു, ആടുകൾക്ക് തന്റെ ജീവനെ കൊടുക്കുന്നു, കാട്ടുമൃഗങ്ങളിൽ നിന്ന് അവയെ രക്ഷിക്കുന്നു; അവയുടെ അരുക്കൽ തന്നെ നില്ക്കുന്നു മാത്രമല്ല ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകളെയും പരിപാലിക്കുന്നു.

യേശുക്രിസ്തു തന്റെ ജീവിതകാലത്തെ ശുശ്രൂഷയിലാകമാനമായി ഈ ഇടയന്റെ മനോഭാവവും പ്രവൃത്തിയും കാണിച്ചു. താൻ ദൈവജനത്തിന് ഇടയന്മാർ ആയിരിക്കുന്ന എല്ലാവർക്കും ഒരു ഉത്തമ മാതൃക ആണ്. താൻ സ്നേഹവും അനുകമ്പയും ഉള്ള മനുഷ്യനായിരുന്നു. തന്റെ ഇടയശുശ്രൂഷയുടെ വിജയം തെളിയിക്കുവാൻ തന്റെ പിന്നാലെ അനുഗമിക്കുന്ന പുരുഷാരത്തിൽ അല്ല അർപ്പണം വച്ചതു. മറിച്ച് തന്നെ വാസ്തവമായി ആവശ്യമുള്ള ആളുകളെ താൻ അന്വേഷിച്ചിരുന്നു. അവരുടെ ആവശ്യങ്ങളുമായി താൻ ഇണങ്ങിച്ചേർന്നു. ഓരോ ആടിന്റെയും പ്രത്യേകം പ്രത്യേകം ആവശ്യങ്ങൾ അറിഞ്ഞു പ്രവൃത്തിക്കാതെ താൻ സംതൃപ്തനായിരുന്നില്ല.

എന്നാൽ ഇന്നത്തെ ദൈവരാജ്യത്തിന്റെ ശുശ്രൂഷക്കാരായിരിക്കുന്ന ഇടയന്മാരുടെ സ്ഥിതി എന്താണ്? വിനോദവും, പോഷക ആഹാരവും മാത്രം കൊടുക്കേണ്ട വെറും ആടുകൾ ആയാണോ നമ്മുടെ ഇടയന്മാർ അവരെക്കാണുന്നത്? അതോ അവർക്ക് അനുകമ്പയും, സ്നേഹവും ആവശ്യമുള്ള തകർന്ന ആടുകളാണ് എന്ന് നമ്മുടെ ഇടയന്മാർ മനസ്സിലാക്കുന്നുണ്ടോ? എന്നാൽ ഇതു മിക്ക സഭകളിലേയും ശുശ്രൂഷകന്മാർ യഥാർത്ഥ ഇടയന്റെ ശുശ്രൂഷ ചെയ്യുന്നുണ്ടോ? ആടുകളെ സ്നേഹിക്കുന്ന യഥാർത്ഥ ഇടയന്മാരെ ഇന്ന് സഭയ്ക്ക് ആവിശ്യമായിരിക്കുന്നു. തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ മനസ്സിലാക്കി സൗഖ്യം കൊടുക്കുവാൻ കഴിവുള്ള യഥാർത്ഥ ഇടയന്മാരെ ഇന്ന് സഭയ്ക്ക് ആവശ്യമായിരിക്കുന്നു. ഇന്ന് ദൈവത്തെക്കുറിച്ച് ഉള്ള അറിവ് പറയുകയും, എഴുതുകയും ചെയ്യുന്ന അനേക വേദശാസ്ത്രജ്ഞന്മാർ നമ്മുടെ ആനുകാലിക സഭകളിലുണ്ടെങ്കിലും ദൈവജനത്തിന് ആവിശ്യമായിരിക്കുന്നതു യഥാർത്ഥ ആത്മീയ ശുശ്രൂഷയുള്ള ഇടയന്മാരെ ആണ്.